സി.ഇ.ഇ./1800/2019/എം.ഫാം–2019/റ്റി.എ.4


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

## എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം –2019

## അപേക്ഷകർക്ക് വെബ്സൈറ്റിലൂടെ പ്രൊഫൈൽ പരിശോധിക്കാനുള്ള അവസരം

കേരളത്തിലെ വിവിധ സർക്കാർ ഫാർമസി കോളേജുകളിലും, സ്വാശ്രയ ഫാർമസി കോളേജുകളിലും ലഭ്യമായ സീറ്റുകളിൽ 2019-20 അധ്യയന വർഷത്തെ എം.ഫാം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് മേൽ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് അവരുടെ പേര്, ജനന തീയതി, **G-PAT** വിവരങ്ങൾ, വിദ്യാഭ്യാസ യോഗ്യത, നേറ്റിവിറ്റി, സാമുദായിക സംവരണം തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

പ്രൊഫൈൽ സംബന്ധമായ പരാതികൾ ഉന്നയിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസരം **04.08.2019 വൈകുന്നേരം 4.00 മണി വരെ** ലഭ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിനായി നേരിട്ടോ, ഇ–മെയിൽ മുഖേനയോ, തപാൽ മുഖേനയോ ലഭിക്കുന്ന ഡോക്കുമെന്റുകളോ പരാതികളോ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിശദമായ വിജ്ഞാപനത്തിനായി **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**Helpline numbers: 0471 - 2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
30.07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**